ഡബ്ലിയു. ആർ. ടി. തീയതി 20–2–1986 പ്രകാരം സിറ്റി/ടൌൺ സർവ്വീസുകൾക്ക് രണ്ടാമത്തെ സ്റ്റേജിൽ പത്തുപൈസയുടെ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.

† വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഇ) 1982–83–ൽ 31 ലക്ഷം രൂപയും 1983–84–ൽ 728 ലക്ഷം രൂപയും 1984–85–ൽ 1032 ലക്ഷം രൂപയും ഈ വർദ്ധനവുമൂലം കെ. എസ്. ആർ. ടി. സി. ക്ക് അധികവരുമാനമുണ്ടായിട്ടുണ്ട്. 1985–86–ൽ 2038 ലക്ഷം രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു.

കെ. എസ്. ആർ. ടി. സി. യിലെ ശമ്പള പരിഷ്ക്കരണം

* 83 [88] ശ്രീ. പി. വിജയദാസ്:

,, എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979–നുശേഷം കെ. എസ്. ആർ. ടി. സി. യിൽ ശമ്പള പരിഷ്ക്കരണ കരാർ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ശമ്പള പരിഷ്ക്കാരത്തിൽ ഏറ്റവും ഒടുവിൽ കെ. എസ് ആർ. ടി. സി. മാനേജിംഗ് ഡയറക്ടർ യൂണിയൻ പ്രതിനിധിയുടെ യോഗം വിളിച്ചു കൂട്ടിയതെന്നാണ്?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ):

(എ) ഇല്ല.

(ബി) മുൻ ശമ്പളപരിഷ്ക്കരണക്കരാറിന്റെ കാലാവധി 20–ാം 1982–ൽ അവസാനിച്ചതിനെത്തുടർന്ന് കോർപ്പറേഷനിലെ വിവിധ അംഗീകൃത യൂണിയനുകൾ ചാർട്ടർ ഓഫ് ഡിമാൻഡ് സമർപ്പിക്കുകയും ഇവയെല്ലാം വിശദമായി പരിശോധിച്ചതിനുശേഷം 15–9–1983–ന് യൂണിയനുകളുമായി ചർച്ച ആരംഭിക്കുകയും ചെയ്തു. ഇതുവരെയായി 27 വട്ടം ചർച്ചകൾ നടന്നു. ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായിത്തന്നെ ജീവനക്കാരെ ബാധിക്കുന്ന ഒഴിവു ദിനങ്ങൾ, വർക്ക് നോംസ് ഉൽപാദനക്ഷമത എന്നീ കാര്യങ്ങളെല്ലാം പുനർ നിർണ്ണയം ചെയ്യുന്നതിനു മാനേജുമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇവയെല്ലാം കാണിച്ചുകൊണ്ട് യൂണിയനുകൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സങ്കീർണ്ണമായ ഇത്തരം പ്രശ്നങ്ങളിൽ ഒരു പരിഹാരം ഉണ്ടാക്കുന്നതിന് സാധാരണ ഗതിയിൽ കാലതാമസം ഉണ്ടാക്കുന്നതാണ്. എങ്കിലും ചർച്ചയുടെ ഭാഗമായി 1–3–1984 മുതൽ എല്ലാ ജീവനക്കാർക്കും 50 രൂപാവീതം ഇടക്കാലാശ്വാസം നൽകിക്കൊണ്ടിരിക്കുന്നു. ശമ്പള പരിഷ്ക്കരണംമൂലം ഏറ്റവും കുറഞ്ഞ വർദ്ധനവ് 100 രൂപ ആയിരിക്കണം എന്ന കാര്യത്തിലും യൂണിയനുകളുമായി യോജിപ്പിൽ എത്തിയിട്ടുണ്ട്.

(സി) 18–3–1986 ൽ

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly